പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 871 — 11/07/2016 - ൽ മറുപടിക്ക്

**<u>പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബി. ഗണേഷ് കുമാർ | പ്രൊ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞ് വരുന്നത് എന്ത് കൊണ്ടാണെന്ന് കണ്ടെത്താനുള്ള ശാസ്ത്രീയ ശ്രമം നടക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതിനുള്ള കാരണങ്ങൾ പൊതുവെ വിലയിരുത്തപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായി അപഗ്രഥിക്കുവാനുള്ള ശ്രമങ്ങൾ ഇനിയും ആരംഭിക്കേണ്ടതായുണ്ട്. |
| (ബി) പൊതുവിദ്യാലയങ്ങളുടെ വിശ്വാസ്യത വളർത്താൻ വിജയശതമാനം ഉയരുന്നതിന് ആനുപാതികമായി ഗുണനിലവാരവും ഉയരേണ്ടതുണ്ട് എന്ന ആശയം മുൻനിർത്തി വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരു പുനഃക്രമീകരണം ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (ബി) പരിശോധിക്കാവുന്നതാണ്. |
| (സി) ആവശ്യമായ ഭൗതിക സാഹചര്യങ്ങളും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് കണക്കിലെടുത്ത് മറ്റുള്ളിടത്തും ഇത് ഉറപ്പ് വരുത്തുന്നതിനുള്ള പ്രായോഗികമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (സി) ഭൗതിക സാഹചര്യവും ഗുണനിലവാരവും ഉറപ്പുവരുത്തുന്ന പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റു സ്കൂളുകളിലേയ്ക്കും ക്രമേണ ഈ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ പരിശ്രമിച്ചു വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ